LIBRARY ARCHIVES Kerala Legislative Assembly

## മൃഗസംരക്ഷണ മേഖലയിലെ മൂലധനച്ചെലവ്

186 [193] ശ്രീ. എം.വി. ശ്രേയാംസ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണമേഖലയിൽ മൂലധനച്ചെലവിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നീക്കിവച്ച തുകയിൽ എത്ര ശതമാനം വീതമാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പു വർഷം മൂലധനച്ചെലവിനത്തിൽ മൃഗസംരക്ഷണ മേഖലയ്ക്കായി നീക്കി വച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) മൂലധനച്ചെലവിനത്തിൽ നടപ്പു വർഷം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ മേഖലയിൽ മൂലധനച്ചെലവിനത്തിൽ വയനാട് ജില്ലയിൽ നടത്തിയ പ്രവർത്തികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്ലാൻ

| | | |
|---|---|---|
| 2006-07 | .. | 2204 ലക്ഷം രൂപ |
| 2007-08 | .. | 1565 ലക്ഷം രൂപ |
| 2008-09 | .. | 733.65 ലക്ഷം രൂപ |

പദ്ധതിയേതര മൂലധന ചെലവിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെറിയ ചെറിയ പണികൾക്കായി തുച്ഛമായ തുക വകയിരുത്തിയിട്ടുണ്ടായിരുന്നു.

(ബി) പ്ലാൻ

2006-07

അനുവദിച്ച മൂലധന തുകയായ 2204 ലക്ഷത്തിൽ 2000 ലക്ഷം ഗ്രാമീണ പാശ്ചാത്തല വികസന നിധിയ്ക്കുവേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്. എന്നാൽ ഈ തുക നബാർഡിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കേണ്ട പദ്ധതിയാണ്. സാമ്പത്തിക വർഷം ധനകാര്യ വകുപ്പ് വകുപ്പുതല അലോക്കേഷൻ 5 കോടി രൂപയായി മൃഗസംരക്ഷണ വകുപ്പിന് തിട്ടപ്പെടുത്തുകയും ആയതുകൊണ്ട് ഈ ശീർഷകത്തിൽ 5.09 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ഈ പദ്ധതി നടപ്പിലാക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, തിരുവനന്തപുരത്തിനാണ് നൽകിയിട്ടുള്ളത്.

2007-08

അനുവദിച്ച 1565 ലക്ഷം രൂപയിൽ 950 ലക്ഷം രൂപ ഗ്രാമീണ പാശ്ചാത്തല വികസന നിധിയ്ക്കാണ് വക കൊള്ളിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ തുകയ്ക്ക് ഇൻപ്രിൻസിപ്പാൾ സാംഗ്ഷൻ നൽകിയെങ്കിലും സാങ്കേതിക അനുമതി നൽകാത്തതിനാൽ

ഈ ശീർഷകത്തിൽ ഒരു തുകയും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. അതേ സമയം ബാക്കിയുള്ള 615 ലക്ഷം രൂപയിൽ 601.22 ലക്ഷം രൂപയുടെ പണികൾക്കായി ഭരണാനുമതി നൽകുകയും ഈ പണി നടപ്പിലാക്കാൻ ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. മൊത്തം ചെലവഴിച്ച ശതമാനം 38.41%.

2008-09

200 ലക്ഷം രൂപയാണ് ഗ്രാമീണ പാശ്ചാത്തല വികസന നിധിയ്ക്കുവേണ്ടി നീക്കി വച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ സാമ്പത്തിക വർഷം 7 പദ്ധതികൾക്കായി 16.1 കോടി രൂപയുടെ ഇൻപ്രിൻസിപ്പൾ സാംഗ്ഷൻ നൽകുകയുണ്ടായി. എന്നാൽ നബാർഡിന്റെ വായ്പ ലഭിക്കാത്തതിനാൽ മേൽപ്പറഞ്ഞ 200 ലക്ഷം രൂപയും ചെലവാക്കാൻ സാധിച്ചില്ല. മറ്റ് മൂലധന ചെലവുകൾക്കായി 533.65 ലക്ഷം രൂപയിൽ 507.65 ലക്ഷം രൂപ ചെലവാക്കുകയുണ്ടായി. മൊത്തം 69.19% തുക ചെലവാക്കുവാൻ സാധിച്ചു.

ഈ പണി നടപ്പിലാക്കാൻ ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരത്തിന് നൽകിയിട്ടുള്ളതുമാണ്.

(സി) നടപ്പു സാമ്പത്തിക വർഷം 4 പദ്ധതികൾക്കായി 620 ലക്ഷം രൂപയാണ് മൂലധനചെലവുകൾക്കായി നീക്കിവെച്ചിട്ടുള്ളത്.

(ഡി) മൃഗചികിത്സാ സേവനങ്ങളുടെ പാശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വാക്സിൻ ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രത്തിന്റെ പ്രവർത്തനം എരുമ കന്നുകാലി സംവർദ്ധനം വികസനവും പരിശീലനവും എന്നീ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(ഇ) 2006-07 സാമ്പത്തിക വർഷം സുൽത്താൻ ബത്തേരി വെറ്ററിനറി പോളി ക്ലിനിക്കിന് അനുബന്ധമായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് 12.5 ലക്ഷം രൂപ 4403-109-97 എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2007-2008-ലെ ഇതേ പണിയ്ക്ക് പൊതുമരാമത്ത് വകുപ്പിന്റെ നിരക്കിൽ മാറ്റം വന്നതുമൂലം 16 ലക്ഷം രൂപയുടെ പുനർഭരണാനുമതി നൽകുകയുണ്ടായി.

2008-09 സാമ്പത്തിക വർഷം കാട്ടിമൂല മൃഗാശുപത്രിയുടെ പാശ്ചാത്തല സൗകര്യ വികസനത്തിനായി 13 ലക്ഷം രൂപയ്ക്ക് 4403-101-99 എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞപ്പണികളെല്ലാം പൊതുമരാമത്ത് (കെട്ടിടങ്ങൾ) മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

ഇത് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി പുതിയ മൃഗാശുപത്രി പണിയുന്നതിനായി 2008-09 സാമ്പത്തിക വർഷം മരുതൂർ മൃഗാശുപത്രിക്ക് 3 ലക്ഷം രൂപ ധനസഹായമായി കണിയാംപറ്റ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly